"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ക്ലീൻ കേരള കമ്പനി ലിമിറ്റഡ് - തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായ ശ്രീ. ജെറോമിക് ജോർജ് ഐ.എ.എസ്., ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ഡോ.ബിനു ഫ്രാൻസിസ് ഐ.എ.എസ്. എന്നിവരെ ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

സ.ഉ.(സാധാ) നം.500/2026/LSGD തീയതി, തിരുവനന്തപുരം, 26-02-2026

---

പരാമർശം:-

1. 02.06.2025-ലെ സ.ഉ.(സാധാ) നം.1356/2025/തസ്വഭവ
2. 05.01.2026 ലെ സ.ഉ.(സാധാ) നം.43/2026/പൊഭവ
3. ക്ലീൻ കേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 29/01/2026-ലെ CS/10/CKCL/25-26 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായിരുന്ന ഡോ. ചിത്ര എസ്. ഐ.എ.എസ്.-നെ പരാമർശം (1) പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തിയും, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായിരുന്ന ശ്രീ. യു.വി. ജോസ് ഐ.എ.എസ്. (Rtd) തൽസ്ഥാനത്ത് നിന്നും ഒഴിവായതിനെ തുടർന്ന് ഡോ.ബിനു ഫ്രാൻസിസ് ഐ.എ.എസ്-നെ പരാമർശം (2) പ്രകാരം ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിച്ചും ഉത്തരവായിരുന്നു..

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായിരുന്ന ഡോ. ചിത്ര.എസ്. ഐ.എ.എസ്-നെ സ്ഥലംമാറ്റിയതിനെത്തുടർന്ന് നിയമിതനായ ശ്രീ. ജെറോമിക് ജോർജ് ഐ.എ.എസ്.-നെയും, ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ആയി നിയമിതനായ ഡോ. ബിനു ഫ്രാൻ സിസ് ഐ.എ.എസ്.-നെയും, ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിലെ അംഗങ്ങളായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശിത കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറായ ശ്രീ. ജെറോമിക് ജോർജ് ഐ.എ.എസ്., ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ഡോ. ബിനു ഫ്രാൻസിസ് ഐ.എ.എസ്. എന്നിവരെ കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിലെ ആർട്ടിക്കിൾ 88 പ്രകാരം ക്ലീൻ കേരള കമ്പനി ലിമിറ്റഡിന്റെ ഡയറക്ടർ ബോർഡിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്

സെക്രട്ടറി

ശ്രീ. ജെറോമിക് ജോർജ്ജ് ഐ.എ.എസ്., പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

ഡോ. ബിനു ഫ്രാൻസിസ് ഐ.എ.എസ്., എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ

മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് ഡയറക്ടർ ബോർഡിലെ എല്ലാ അംഗങ്ങൾക്കും

(മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ/എ&ഇ) കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഐ.എ.2/22/2026/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 27-02-2026 11:57:51

സെക്ഷൻ ഓഫീസർ